(ബി) കേരളത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ പൂർണ്ണമായും റബ്ബറൈസ് ചെയ്യാൻ സമയബന്ധിതമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അത്തരമൊരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പദ്ധതി (KSTP)-യിൻകീഴിൽ ഏകദേശം 900 KM റോഡുകൾ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. പുതുതായി പുനർനിർമ്മാണം നടത്തുന്ന സംസ്ഥാന പാതകളുടെയും പ്രധാന റോഡുകളുടെയും ഉപരിതലം മിനുസപ്പെടുത്തുന്നതിനും റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കുന്ന കാര്യം തീരുമാനമായിട്ടില്ല.

(ബി) അസംസ്കൃത വസ്തുക്കളുടെ ഭീമമായ വിലവർദ്ധന കാരണം റോഡുകൾ പൂർണ്ണമായും റബ്ബറൈസ് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്.

മാള മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

217 (667) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവായിരം കോടിയുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയോടെ പ്രഖ്യാപിച്ച മാളമണ്ഡലത്തിലെ പറയംതോട് പാലത്തിന്റെ പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണപ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മാളമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) വർഷങ്ങളായി അറ്റകുറ്റപ്പണികൾപോലും നടത്താത്തതിന്റെ ഫലമായി തകർന്നുകിടക്കുന്ന ഈ റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പറയംതോട് പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുത്തതിനുശേഷമേ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(സി&ഡി) റോഡുകളുടെ അവസ്ഥ പരിശോധിച്ചശേഷം അവയെ 5 ആയി തരം തിരിക്കുകയും അവയിൽ വളരെ മോശം, മോശം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന റോഡുകൾ അടിയന്തരമായി സഞ്ചാരയോഗ്യമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly